REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-01-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **രാഷ്ട്രം 77-ാമത് റിപ്പബ്ലിക് ദിനാഘോഷ നിറവിൽ. ന്യൂഡൽഹി കർത്തവ്യപഥിൽ രാഷ്ട്രപതി ദ്രൗപദിമുർമു റിപ്പബ്ലിക് ദിന പരേഡിൽ അഭിവാദ്യം സ്വീകരിച്ചു.**
- **2047 ൽ വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകൾ കൈകോർത്ത് മുന്നേറണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ .**
- **ജില്ലകളിൽ മന്ത്രിമാർ ദേശീയ പതാക ഉയർത്തി അഭിവാദ്യം സ്വീകരിച്ചു.**
- **പാർലമെന്റ് ബജറ്റ് സമ്മേളനം മറ്റന്നാൾ ആരംഭിക്കും.**
- **ഇന്ത്യ - ന്യൂസിലാന്റ് ട്വന്റി - 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം മറ്റന്നാൾ വിശാഖപട്ടണത്ത്.**

## വാർത്തകൾ വിശദമായി

രാഷ്ട്രം 77-ാമത് റിപ്പബ്ലിക് ദിനാഘോഷ നിറവിൽ. ന്യൂഡൽഹി കർത്തവ്യപഥിൽ രാഷ്ട്രപതി ദ്രൗപദിമുർമു റിപ്പബ്ലിക് ദിന പരേഡിൽ അഭിവാദ്യം സ്വീകരിച്ചു. ഒന്നരമണിക്കൂറോളം നീണ്ട പരേഡ് രാജ്യത്തിന്റെ സാംസ്കാരിക വൈവിധ്യവും, സൈനിക ശേഷിയും വെളിപ്പെടുത്തി. 'സ്വതന്ത്രതാ കാ മന്ത്ര - വന്ദേമാതരം', 'സമൃദ്ധി കാ മന്ത്ര - ആത്മനിർഭർ ഭാരത്' എന്നിവയാണ് ഈ വർഷത്തെ ദിനാഘോഷ പ്രമേയം.

പ്രധാനമന്ത്രി നരേന്ദ്ര മോദി രാവിലെ ദേശീയ യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചതോടെയാണ് റിപ്പബ്ലിക് ദിന പരേഡ് ആരംഭിച്ചത്.

യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് അന്റോണിയോ കോസ്റ്റയും, യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്നും പരേഡിലെ മുഖ്യാതിഥികളായി പങ്കെടുത്തു. കേരളം ഉൾപ്പെടെ സംസ്ഥാനങ്ങളുടെയും, കേന്ദ്രഭരണ പ്രദേശങ്ങളുടെയും, കേന്ദ്ര മന്ത്രാലയങ്ങളുടെയും, വകുപ്പുകളുടെയും 30 ഓളം നിശ്ചല ദൃശ്യങ്ങൾ പരേഡിൽ അണിനിരന്നു.

വന്ദേമാതരത്തിന്റെ 150-ാം വാർഷികം, സ്വയം പര്യാപ്തത രാജ്യത്തിന്റെ ത്വരിത വികസനം എന്നിവ കേന്ദ്രീകരിച്ചായിരിന്നു നിശ്ചല ദൃശ്യങ്ങൾ. സൈന്യത്തിന്റെ 18 മാർച്ചിംഗ് സംഘങ്ങളും 13 ബാൻഡുകളും പരേഡിൽ അണിനിരന്നു. വിവിധ മേഖലകളിൽ മികവ് പുലർത്തിയ 10,000 പ്രത്യേക അതിഥികൾ പരിപാടിയിൽ പങ്കെടുത്തു. 29 വിമാനങ്ങളുടെ ഫ്ലൈപാസ്റ്റോടെയാണ് പരേഡ് സമാപിച്ചത്.

✪✪✪

ശുഭാൻഷു ശുക്ലയ്ക്ക്, രാഷ്ട്രപതി ദ്രൗപതി മുർമു പരമോന്നത ധീരതാ ബഹുമതിയായ അശോക ചക്ര സമ്മാനിച്ചു. ആക്സിയം-4 ദൗത്യത്തിനിടെ അദ്ദേഹത്തിന്റെ അസാധാരണമായ ധൈര്യത്തിനും നിർഭയമായ ദൃഢനിശ്ചയത്തിനും ശുക്ലയെ ആദരിച്ചു.

✪✪✪

77-ാമത് റിപ്പബ്ലിക് ദിനത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് രാജ്യത്തെ പൗരന്മാർക്ക് ആശംസ നേർന്നു. ഇവിടെ 'ജനങ്ങൾ ആദ്യം' എന്ന കാഴ്ചപാടാണെന്നും ജനാധിപത്യം നിലകൊള്ളുന്നത് 'ജനങ്ങൾക്കുവേണ്ടി' യാണെന്നും രാജ്നാഥ് സിംഗ് പറഞ്ഞു.

ഒരു ജനാധിപത്യ റിപ്പബ്ലിക്കിന്റെ വാഗ്ദാനം അളക്കുന്നത് രാജ്യം ജനതയെ എത്രത്തോളം വിശ്വസ്തതയോടെ സേവിക്കുന്നു എന്നതിലൂടെയാണെന്നും ജനങ്ങളെ സേവിക്കുക എന്നത് ഒരു ശാശ്വത പ്രതിബദ്ധതയും തുടർച്ചയായ പ്രക്രിയയുമാണെന്നും ഒരു ഇംഗ്ലീഷ് ദിനപത്രത്തിന് എഴുതിയ ലേഖനത്തിൽ രാജ്നാഥ് സിംഗ് വ്യക്തമാക്കി.

✪✪✪

ആഭ്യന്തരമന്ത്രി അമിത് ഷായും ജനങ്ങൾക്ക് റിപ്പബ്ലിക് ദിന ആശംസകൾ നേർന്നു. രാജ്യത്ത് ശക്തമായ ജനാധിപത്യം സൃഷ്ടിക്കുന്നതിന് ശ്രമിച്ച സ്വാതനന്ത്ര്യ സമര സേനാനികൾക്കും ഭരണഘടനാ ശില്പികൾക്കും ആദരം അർപ്പിക്കുന്നതായി അമിത് ഷാ സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിലെ റിപ്പബ്ലിക് ദിനാഘോഷത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ  ദേശീയ പതാക ഉയർത്തി. 2047 ൽ വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകൾ കൈകോർത്ത് മുന്നേറണമെന്ന്  ഗവർണർ പറഞ്ഞു.

പത്മപുരസ്കാരത്തിലൂടെ മലയാളികൾ ദേശീയ തലത്തിൽ ആദരിക്കപ്പെട്ടതിൽ ഏറെ അഭിമാനവും സന്തോഷവുമുണ്ട്. 150-ാം വാർഷികത്തിൽ എത്തി നിൽക്കുമ്പോളും വന്ദേമാതരം ഓരോ പൗരനും ഊർജം പകരുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുന്നതിൽ വികസിത കേരളത്തിന് സുപ്രധാന പങ്ക് വഹിക്കാൻ സാധിക്കുമെന്നും ഗവർണർ അഭിപ്രായപ്പെട്ടു.

✪✪✪

രാജ്യത്തെ നിർണ്ണയിക്കുന്ന ഭരണഘടനയുടെ പ്രാധാന്യം ഓർമിപ്പിക്കുന്നതാണ് റിപ്പബ്ലിക് ദിനമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. കോഴിക്കോട് വെസ്റ്റ് ഹില്ലിലെ ക്യാപ്റ്റൻ വിക്രം മൈതാനിയിൽ  ദേശീയ പതാക ഉയർത്തിയ ശേഷം പരേഡിന്റെ അഭിവാദ്യം സ്വീകരിക്കുകയായിരുന്നു മന്ത്രി.

✪✪✪

റിപ്പബ്ലിക് ദിനാഘോഷത്തിന്റെ കണ്ണൂർ ജില്ലാതല പരിപാടികൾ  കണ്ണൂർ കലക്ടറേറ്റ് മൈതാനിയിൽ  നടന്നു. വിവിധ സേന വിഭാഗങ്ങളുടെ പരേഡും വിവിധ വകുപ്പുകളുടെ വർണശബളമായ ഫ്ലോട്ടുകളും പരേഡിന് മാറ്റുകൂട്ടി.

മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പതാക ഉയർത്തി. തുടർന്നു  അദ്ദേഹം പരേഡ് പരിശോധിച്ച് അഭിവാദ്യം സ്വീകരിച്ചു. നാനാത്വത്തിൽ ഏകത്വം ആണ് രാജ്യത്തിന്റെ സവിശേഷതയെന്ന്  റിപ്പബ്ലിക് ദിന സന്ദേശത്തിൽ  മന്ത്രി പറഞ്ഞു. ചടങ്ങിനിടെ ദേഹാസ്വസ്ഥ്യം ഉണ്ടായ മന്ത്രിയുടെ നില തൃപ്തികരമാണ്.

✪✪✪

ഇന്ത്യയുടെ ഭരണഘടനയും അഖണ്ഡതയും ഐക്യവും കാത്തുസൂക്ഷിക്കുവാൻ ഓരോരുത്തർക്കും കടമയുണ്ടെന്ന് മന്ത്രി OR കേളു കൽപ്പറ്റ SKMJ ഹയർ സെക്കൻഡറി സ്കൂളിലെ ചടങ്ങിൽ പറഞ്ഞു.

മലപ്പുറത്ത് മന്ത്രി V അബ്ദുറഹ്മാൻ ദേശീയ പതാക ഉയർത്തി.

✪✪✪

ലക്ഷദ്വീപിലെ എല്ലാ ദ്വീപുകളിലും റിപ്പബ്ലിക്ക് ദിനം വിപുലമായി ആഘോഷിച്ചു. കവരത്തി സ്ക്കൂൾ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച ഔദ്യോഗിക ചടങ്ങിൽ അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് ഡോ. S.B. ദീപക് കുമാർ ദേശീയ പതാക ഉയർത്തി പരേഡിനെ അഭിവാദ്യം ചെയ്തു.

✪✪✪

നിയമസഭാ സമുച്ചയത്തിൽ സ്പീക്കർ AN ഷംസീർ ദേശീയ പതാക ഉയർത്തി. വാച്ച് ആന്റ് വാർഡ് സേനയുടെ ഗാർഡ് ഓഫ് ഓണർ സ്പീക്കർ സ്വീകരിച്ചു. തുടർന്ന് മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, ഡോ. BR അംബേദ്കർ, KR നാരായണൻ എന്നിവരുടെ പ്രതിമകളിൽ സ്പീക്കർ പുഷ്പാർച്ചന നടത്തി.

✪✪✪

തിരുവനന്തപുരം പൊലീസ് ആസ്ഥാനത്തെ ധീര സ്മൃതിഭൂമിയിൽ ഹെഡ്കോർട്ടേഴ്സ് ADGP എസ് ശ്രീജിത്ത് പതാക ഉയർത്തി സേനാംഗങ്ങളുടെ അഭിവാദ്യം സ്വീകരിച്ചു. IG ആർ നിശാന്തിനിയും മുതിർന്ന പൊലീസ് ഉദ്യോഗസ്ഥരും ചടങ്ങിൽ സംബന്ധിച്ചു.

✪✪✪

പ്രധാനമന്ത്രി ദേശീയ ബാല പുരസ്കാരം ലഭിച്ച മുഹമ്മദ് സിദാനെ പാലക്കാട് റിപ്പബ്ലിക് ദിനാഘോഷ പരിപാടിയിൽ മന്ത്രി K. കൃഷ്ണൻ കുട്ടി ആദരിച്ചു.

✪✪✪

രാഷ്ട്രപതിയുടെ 2025 ലെ ജീവൻ രക്ഷാ പഥക് പുരസ്കാരങ്ങൾക്ക് 30 പേർ അർഹരായി. ആറ് പേർക്ക് വീതം സർവോത്തം ജീവൻ രക്ഷാ പഥകും, ഉത്തം ജീവൻ രക്ഷാ പഥകും സമ്മാനിക്കും. 18 പേരാണ് ജീവൻ രക്ഷാ പഥകിന് അർഹരായത്. അവാർഡ് ജേതാക്കളിൽ ആറ് പേർക്ക് മരണാനന്തരമാണ് ബഹുമതി നൽകുന്നത്.

✪✪✪

പാർലമെന്റ് ബജറ്റ് സമ്മേളനം മറ്റന്നാൾ ആരംഭിക്കും. രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനത്തിന് തുടക്കമാകുന്നത്. ഫെബ്രുവരി ഒന്നിന് കേന്ദ്ര ബജറ്റ് അവതരിപ്പിക്കും. ബജറ്റിന് മുന്നോടിയായി സാമ്പത്തിക സർവേ ഈ മാസം 29-ന് പാർലമെന്റിൽ സമർപ്പിക്കും.

✪✪✪

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. പട്ടികയിലെ പരാതികൾ ഈ മാസം 30 വരെ സമർപ്പിക്കാം. കരട് SIR റോളിൽ നിന്ന് പേരുകൾ ഒഴിവാക്കപ്പെട്ടവരും, പുതിയ അപേക്ഷകരും ഫോം 6 ഉപയോഗിച്ച് അപേക്ഷിക്കണം.

✪✪✪

പല പ്രാവശ്യം ബംഗാൾ ഭരിച്ച CPIMന് ബംഗാളിൽ സംഭവിച്ചത് കേരളത്തിലും ഉണ്ടാകുമെന്ന് കേരള കോൺഗ്രസ് വർക്കിംഗ് ചെയർമാനും, മുൻ കേന്ദ്ര സഹമന്ത്രിയുമായ PC തോമസ് കാസർകോട്ട് പറഞ്ഞു.

ഭരണം കിട്ടിയ നാൾ മുതൽ CPIM സ്വീകരിച്ച നടപടികളാണ് ബംഗാളിലെ പരാജയത്തിന് കാരണമെന്നും PC തോമസ് പറഞ്ഞു.

✪✪✪

പാർട്ടിയിൽ നിന്ന് പുറത്താക്കിയാലും പാർട്ടിയിൽ നടക്കുന്ന അപചയങ്ങളെ തുറന്നെതിർക്കാതെ ഒരു കമ്മ്യൂണിസ്റ്റുകാരൻ എന്ന നിലയിൽ മുന്നോട്ട് പോകാൻ സാധിക്കില്ലെന്ന് CPIM കണ്ണൂർ ജില്ലാ കമ്മിറ്റി അംഗം V കുഞ്ഞികൃഷ്ണൻ പറഞ്ഞു.

പാർട്ടി സംഘടനാ രീതി അനുസരിച്ചാണ് പാർട്ടിക്കകത്ത് ആരോപണം ഉന്നയിച്ചതെന്നും കുഞ്ഞികൃഷ്ണൻ പയ്യന്നൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

പാർട്ടി അന്വേഷിച്ച് തീർപ്പാക്കേണ്ട വിഷയമല്ല CPIM കണ്ണൂർ ജില്ലാ കമ്മിറ്റി അംഗം V കുഞ്ഞികൃഷ്ണൻ ഉന്നയിച്ച ആരോപണമെന്ന് KPCC പ്രസിഡണ്ട് സണ്ണി ജോസഫ് പറഞ്ഞു. കോടിക്കണക്കിന് രൂപയുടെ ധനാപകരണം നടന്നിട്ടുണ്ടെന്നും അദ്ദേഹം കണ്ണൂരിൽ മാധ്യമപ്രവർത്തകരെ അറിയിച്ചു. ആരോപണ വിധേയൻ MLA ആണെന്നത് ഗൗരവമേറിയ വിഷയം ആണ്. കെട്ടിചമച്ച കണക്കുകൾ ആയിരിക്കും ഇനി CPIM പുറത്തു വിടുന്നതെന്നും സണ്ണി ജോസഫ് പറഞ്ഞു.

✪✪✪

ഇന്ത്യ - ന്യൂസിലാന്റ് ട്വന്റി - 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം മറ്റന്നാൾ വിശാഖപട്ടണത്ത്. ഇന്നലെ മൂന്നാം മത്സരത്തിൽ എട്ട് വിക്കറ്റിന് ന്യൂസിലാന്റിനെ തകർത്ത് ഇന്ത്യ പരമ്പര സ്വന്തമാക്കിയിരുന്നു.

✪✪✪

സ്വർണവില  ഇന്നും വർധിച്ചു. ഗ്രാമിന് 225 രൂപ ഉയർന്ന് 14,915 രൂപയും, പവന് 1,800 കൂടി 1,19,320 രൂപയുമാണ് ഇന്നത്തെ വില.

✪✪✪

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2025-ലെ വൈജ്ഞാനിക പുരസ്കാരങ്ങൾ നാളെ തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ മുഖ്യമന്ത്രി പിണറായി വിജയൻ വിതരണം ചെയ്യും.

NV കൃഷ്ണവാരിയർ സ്മാരക വൈജ്ഞാനിക പുരസ്കാരം, MP.കുമാരൻ സ്മാരക വിവർത്തനപുരസ്കാരം, ഡോ.KM.ജോർജ് സ്മാരക ഗവേഷണ പുരസ്കാരം എന്നിവയാണ് ചടങ്ങിൽ വിതരണം ചെയ്യുന്നത്.

✪✪✪

പ്രധാനമന്ത്രി ഉച്ചതർ ശിക്ഷ അഭിയാൻ -മൾട്ടി ഡിസിപ്ലിനറി എജുക്കേഷൻ ആൻഡ് -റിസർച്ച് യൂണിവേഴ്സിറ്റി, രാഷ്ട്രീയ ഉച്ചതർ ശിക്ഷ അഭിയാൻ എന്നീപദ്ധതികളുടെ മേഖലാ അവലോകന യോഗം നാളെ കണ്ണൂർ സർവകലാശാലയിൽ ചേരും.

✪✪✪

കൊല്ലം ആശ്രാമം ESI മോഡൽ ആന്റ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി മെഡിക്കൽ കോളേജ് ആയി ഉയർത്തുന്നതിന് സംസ്ഥാന ഗവൺമെന്റ് നൽകേണ്ട എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്, ആരോഗ്യ സർവ്വകലാശാല അഫിലിയേഷൻ സർട്ടിഫിക്കറ്റ് എന്നിവ നാളെയ്ക്കകം ലഭ്യമാക്കാൻ നടപടിയെടുക്കണമെന്ന് NK പ്രേമചന്ദ്രൻ MP മുഖ്യമന്ത്രി പിണറായി വിജയനോട് ആവശ്യപ്പെട്ടു. അടുത്ത  അധ്യയന വർഷം തന്നെ 50 MBBS സീറ്റുകളിലേയ്ക്ക് പ്രവേശനം നൽകാവുന്ന വിധത്തിലാണ് ഇ.എസ്.ഐ കോർപ്പറേഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നത്.

✪✪✪

*News Editor പി ചന്ദ്രബാബു*
*& News Reader: ശ്രീജി*
*NRTs: അനിൽ ചന്ദ്രൻ, ശരണ്യ രാജൻ*
*DEO : സി കെ സുബോധ്*